"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഡ്രൈവർ കം ഓഫീസ് അറ്റൻഡർ ആയി ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീ. സുബാഷ് എസ്.ടി, ശ്രീ. അഭിലാഷ് ആർ., ശ്രീ. ശ്രീജിത്ത് ജെ.എസ് എന്നിവരുടെ നിയമനം കരാറടിസ്ഥാനത്തിലേക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.112/2025/DMD തീയതി 07-03-2025,തിരുവനന്തപുരം

---

പരാമർശം:-

1) 21-01-2014 തീയതിയിലെ സ.ഉ(സാധാ)നം.445/2014/ഡിഎംഡി ഉത്തരവ്

2) 30-07-2016 തീയതിയിലെ സ.ഉ(സാധാ)നം 3107/2016/ഡിഎംഡി ഉത്തരവ്

3) 10-12-2021 തീയതിയിലെ സ.ഉ(സാധാ)നം 821/2021/ഡിഎംഡി ഉത്തരവ്

4) 19-06-2024 തീയതിയിലെ സ.ഉ(സാധാ)നം.443/2024/ഡിഎംഡി ഉത്തരവ്

5) 31/10/2024 തീയതിയിലെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ MTO IV/600/2023/Admin നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന റിലീഫ് കമ്മീഷണർ & ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഔദ്യോഗിക ഉപയോഗത്തിനായി വാങ്ങിയ ടയോട്ട ഇനോവ (KL-01-BV-7479)യുടെ ഇന്ധനവും മറ്റ് ചെലവുകളും കെ.എസ്.ഡി.എം.എ പ്ലാൻ ഫണ്ടിൽ നിന്നാണ് വഹിച്ച് വരുന്നത്. ടി വാഹനത്തിന്റെ ഡ്രൈവർ കം ഓഫീസ് അറ്റൻഡർ തസ്തികയിലേക്ക് പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീ. സുബാഷ് എസ്.ടി, യെ 179 ദിവസത്തേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 01.08.2016 തീയതി പ്രാബല്യത്തിൽ നിയമിക്കുകയുണ്ടായി. തുടർന്ന് നാളിതുവരെ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 179 ദിവസം വീതം ഒരു ദിവസം ബ്രേക്ക് നൽകി ദിവസ വേതനാടിസ്ഥാനത്തിന്റെ കരാർ പുതുക്കി സർക്കാർ ഉത്തരവാക്കിയിട്ടുള്ളതാണ്. പരാമർശം (4) ഉത്തരവ് പ്രകാരം 25/06/2024 മുതൽ 179 ദിവസത്തേക്ക് ടിയാളുടെ കാലാവധി പുതുക്കിയിരുന്നു. ആയത് 2024 ഡിസംബറിൽ അവസാനിച്ച സാഹചര്യത്തിൽ തന്റെ നിയമനം കരാർ അടിസ്ഥാനത്തിലാക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയ്ക്ക് ടിയാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിലെയും ഹെഡ് (സയന്റിസ്റ്റ്) എസ്.ഇ.ഓ.സി - യുടെയും ഔദ്യോഗിക ഉപയോഗത്തിനായി പരാമർശം (1) ഉത്തരവ് പ്രകാരം വാങ്ങിയ മഹീന്ദ്ര ബൊലേറോ (KL-01-BL-3333)യുടെ ഇന്ധനവും മറ്റ് ചെലവുകളും വഹിക്കുന്നത് കെ.എസ്.ഡി.എം.എ പ്ലാൻ ഫണ്ടിൽ നിന്നാണ്. പ്രസ്തുത വാഹനത്തിന് താൽക്കാലികമായി രണ്ട് ഡ്രൈവറുമാരെ നിയമിക്കുന്നതിന് പരാമർശം (1), (3) എന്നീ ഉത്തരവുകൾ പ്രകാരം ദുരന്ത നിവാരണ അതോറിറ്റിയെ ചുമതലപെടുത്തിയിട്ടുള്ളതും ആയതിനു ആവശ്യമായ ചെലവുകൾ ദുരന്തനിവാരണ അതോറിറ്റിയുടെ

പ്ലാൻ ഫണ്ടിൽ നിന്നും നിർവ്വഹിക്കാനും ഉത്തരവായിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്രൈവർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ശ്രീ. അഭിലാഷ് ആർ ,ശ്രീ. ശ്രീജിത്ത് ജെ.എസ് എന്നിവരും അവരുടെ നിയമനം കരാർ അടിസ്ഥാനത്തിലാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് മെമ്പർ സെക്രട്ടറിയ്ക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത ഡ്രൈവർമാർ വളരെ കൃത്യതയോടെ അവരുടെ ചുമതലകൾ നിർവഹിക്കുന്നുണ്ടെന്നും ഒരു വർഷ കാലയളവിലേക്ക് കരാർ നിയമനത്തിനായി അവരുടെ അപേക്ഷ പരിഗണിക്കണമെന്നും പരാമർശം (5) കത്ത് പ്രകാരം മെമ്പർ സെക്രട്ടറി ശുപാർശ ചെയ്തിട്ടുണ്ട്. ഈ പരിവർത്തനത്തിലൂടെ, പ്രതിമാസ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അധിക ചെലവുകളൊന്നും ഉണ്ടാകുന്നില്ലായെന്നും മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡർ ആയി ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീ. സുബാഷ് എസ്.ടി, ശ്രീ. അഭിലാഷ് ആർ., ശ്രീ. ശ്രീജിത്ത് ജെ എസ് എന്നിവരുടെ നിയമനം കരാറടിസ്ഥാനത്തിലേക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ , ദുരന്ത നിവാരണം
മെമ്പർ സെക്രട്ടറി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ശ്രീ. സുബാഷ് എസ്.ടി, ശ്രീ. അഭിലാഷ് ആർ., ശ്രീ. ശ്രീജിത്ത് ജെ എസ് , ഡ്രൈവർ കം ഓഫീസ് അറ്റൻഡർ, KSDMA (മെമ്പർ സെക്രട്ടറി, KSDMA മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 07-03-2025 14:47:45
സെക്ഷൻ ഓഫീസർ